കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമ്പന ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം.പി-7–1837/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി :16/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പന ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-2,ഭാഗം-3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ്സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം-പി.7/1837/17 തീയതി : 16.10.2017

# കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.10.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.08.2017 മുതൽ 29.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സൈമൺ | ഓഡിറ്റ് ഓഫീസർ (ഹഗ്രേ) |
| | ശ്രീ.ചന്ദ്രപ്രകാശ്.സി | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി.ബിന്ദു നായർ | ഓഡിറ്റർ |
| (ബി)നിർവ്വഹണാധികാരികൾ | | |
| പ്രസിഡന്റ് | ശ്രീ. നാസറുദ്ദീൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ഷാനവാസ്.എ. | 01.04.2016 മുതൽ 27-7-2016 വരെ |
| | ശ്രീ. പി.അനിൽകുമാർ | 28.07.2016 മുതൽ 31-3-2017വരെ |
| <u>നിർവ്വഹണഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മന്മഥൻ.പി.സി. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുധാദേവ്.ഡി.എസ്സ്. | 01.04.2016 മുതൽ 6.08.2016 വരെ |
| | ഡോ. ശ്രീജ.ഒ. കെ | 17.08.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദിൽഷ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ.ഡാലി എസ് | 01.04.2016 മുതൽ 31.08.2016 വരെ |
| | ഡോ. മെറീന പോൾ | 08.09.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.സീന | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കസ്തൂരി | 01.04.2016മുതൽ 31.03.2017 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി. അനിതകുമാരി | 01.04.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.വി.എസ്സ്.ലേഖ | 01.04.2016മുതൽ 03-01-2017 വരെ |
| | ശ്രീമതി. ഷൈനി.ബി.എസ്. | 03.01.2017 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഇന്ദിരാകുമാരി | 01.04.2016മുതൽ 04-7-2016 വരെ |
| | ശ്രീമതി. ശ്രീജ.എസ്.എൽ | 04-7-2016 മുതൽ |

| | | |
|---|---|---|
| | | 31-03-2017വരെ |
| ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സിംന | 01.04.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുരാസു മുഹമ്മദ് | 01.04.2016മുതൽ 31.03.2017 വരെ |
| | ശ്രീ.രതീഷ് ബാബു.എസ്സ് | 01.04.2016മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല | 2-1 |
| 13 | തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| 14 | സ്ഥാപനങ്ങളിൽനിന്നും മോട്ടോർ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു | 2-3 |
| ഭാഗം 3 | | |
| 15 | പാലിയേറ്റീവ്കെയർ പദ്ധതി പണമിടപാടുകളിൽ ഗുരുതരമായ വീഴ്ച-തുടരന്വേഷണത്തിന് ശുപർശ ചെയ്യുന്നു. | 3-1 |
| 16 | സോളാർ പാനൽപദ്ധതി - കരാർവ്യവസ്ഥകൾ ലംഘിച്ച് പദ്ധതി നിവർവ്വഹണം പാതിവഴിയിൽ | 3-2 |
| 17 | ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതികൾ - വാങ്ങൽ നടപടികളിലെ അപാകതകൾ | 3-3 |
| 18 | പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 19 | സമ്പൂർണ്ണ ശുചിത്വംപദ്ധതി - ശൗചാലയങ്ങളുടെ | 3-5 |

| | | |
|---|---|---|
| | നിർമ്മാണം പൂർത്തീകരിക്കാതെ തുക മാറി നൽകിയിരിക്കുന്നു | |
| 20 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 21 | ആശുപത്രികളിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി - ചെവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-7 |
| 22 | പൊതുമരാമത്തുപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല-ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 34,609/രൂപ. | 3-8 |
| 23 | ഇ.എം.എസ് ലോൺ തുക തിരികെ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടത്- സംബന്ധിച്ച്. | 3-9 |
| 24 | നെടുമ്പന ഗവൺമെൻറ് എൽ.പി.സ്കൂൾ വസ്തുവിൻെറ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽകെട്ടി സംരക്ഷിക്കേണ്ടത് സംബന്ധിച്ച്. | 3-10 |
| ഭാഗം 4 | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായപ/വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-2017 വർഷത്തെ പുതുക്കിയ ബജറ്റ് 05.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 22.06.2017 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-2017 | 24.08.2017 | കെ.എസ്.എ.കെ.എൽ.എം. പി.7/1837/17 തീ.16..10.2017 |

1.വാർഷികകണക്കനുസരിച്ചുള്ള തൊഴിൽനികുതി തുകയും , രജിസ്റ്റർ അനുസരിച്ചുള്ള വരവ് തുകയും പൊരുത്തപ്പെടുന്നില്ല.

2-പ്രസിഡന്റിന്റെയും, വില്ലേജ് എക്സ്റ്റൻഷൻ ആഫീസറുടെയും സംയുക്ത അക്കൗണ്ടിൽ ബാലൻസുള്ള ഇ.എം.എസ് ലോൺ തുക 8,86,923/- രൂപ വരവായി എടുത്തിട്ടില്ല. നിർവ്വഹണഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ ബാലൻസുള്ള തുക വരവായി എടുത്തിട്ടില്ല.

3- എല്ലാ ആസ്തികളുടെയും മൂല്ല്യം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തി മൂല്ല്യമായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.
4- വസ്തുനികുതി ഡിമാന്റ്, കളക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ അനുസരിച്ചുള്ള തുകയും,വാർഷികകണക്ക് അനുസരിച്ചുള്ള തുകയും പൊരുത്തപ്പെടുന്നില്ല.
5.വിവാഹധനസഹായം 20 പേർക്കായി 6,00,000/-രൂപ നല്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 90,000/-രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
6.RP-10 Audit Recovery based on charge certificates 5,36,748/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1,220/- രൂപയുടെ വിശദാംശങ്ങളേ ബോധ്യപ്പെട്ടിട്ടുള്ളൂ.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,18,91,802 |
| വരവ് | 8,76,72,364 |
| ചെലവ് | 10,95,64,166 |
| ആകെ | 8,15,01,918 |
| നീക്കിയിരിപ്പ് | 2,80,62,248 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,83,14,611 | 1,83,14,611 | 1,83,14,611 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 92,59,157 | 92,59,157 | 92,59,157 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7,845 | 7,845 | 7,845 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 29,06,305 | 29,06,305 | 29,06,305 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 38,67,106 | 38,67,106 | 38,67,106 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,23,52,067 | 1,23,52,067 | 1,23,52,067 | 0 |
| വികസനഫണ്ട് കെ.എൽ.ജി.എസ്.ഡി.പി | 0 | 4,930,971 | 4,930,971 | 4,930,971 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 7,425 | 1,60,15,351 | 1,60,22,776 | 1,60,03,939 | 18,837 |
| ബി ഫണ്ട് | 0 | 6,15,96,600 | 6,15,96,600 | 6,15,96,600 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്‌വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്കുകളുടെ ശതമാനം |
| 165 | 9,73,36,390 | 102 | 5,97,37,802 | 26 | 37 | 61.37 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയുംപ്രകാരം 18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 44,13,596 | 61,36,841 | 17,23,245 | 39 |
| നികുതിയേതര വരവുകൾ | 12,31,101 | 12,82,318 | 51,217 | 4 |
| മറ്റുവരവുകൾ | 1,47,59,174 | 1,66,93,418 | 19,34,244 | 13 |
| ആകെ | 2,04,03,871 | 2,41,12,577 | 37,08,706 | 18 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 6,10,920 | 395 |
| കർഷകതൊഴിലാളിപെൻഷൻ | 41,76,590 | 518 |
| വിധവാപെൻഷൻ | 2,61,33,410 | 2653 |
| വാർദ്ധക്യകാലപെൻഷൻ | 2,21,94,065 | 2480 |
| വികലാംഗപെൻഷൻ | 75,60,565 | 817 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 3,21,050 | 37 |
| വിവാഹധനസഹായം | 6,00,000 | 20 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2017 തീയതിയിൽ വൈകുന്നേരം 3.10-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,220/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ അളന്നു തിട്ടപ്പെടുത്തുന്നതിലേയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയില്ല. പാലിയേറ്റീവ്പദ്ധതികളിൽ രോഗികൾക്ക് അധികധനസഹായം നൽകുന്നതിലേയ്ക്കായി പൊതുജനങ്ങളിൽനിന്നും സമാഹരിക്കുന്ന തുകകളുടെ അക്കൗണ്ടിംഗിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.2017 | 07/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2012 മുതൽ 21.11.2012 വരെ | 2007-2008 മുതൽ 2011-2012 വരെ | 12.03.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല

2016-17 വർഷത്തെ തൊഴിൽനികുതി പരിശോധനയിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കു വരുത്തിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ, നെടുമ്പന | I , II |
| 2 | മാവേലി സ്റ്റോർ, കുളപ്പാടം | I , II |
| 3 | കെ.എസ്.ഇ.ബി , നല്ലില | I , II |

ഇതു സംബന്ധിച്ച് എൻക്വയറി നം. 3/23-8-17 നൽകി. സെക്രട്ടറിയുടെ മറുപടിയിൽ ടി സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപനതൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല

നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വാർഡ് നം. 10 ൽ പ്രവർത്തിക്കുന്ന ബദിരിയ ബി.എഡ്.കോളേജിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഒടുക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി നം. 12/29-8-2017 നൽകി. ടി കോളേജിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും നിയമപരമായി ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കുവരുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപനങ്ങളിൽനിന്നും മോട്ടോർ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

2016-2017 സാമ്പത്തികവർഷത്തെ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയത് സംബന്ധിച്ച രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും മോട്ടോർ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | പേര് | സ്ഥാപനം | കുതിര ശക്തി | ഈടാക്കേണ്ട തുക | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | XV/8, 9 | അൻസാർ | ക്രഷർ | 75 HP | 1,000 | 400 | 600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ബഷീർ | യൂണിറ്റ് | (30+45) | | | |
| 2 | VII/257, 258 | ആർ. രാജീവൻ നായർ | ഗ്രാനൈറ്റ് മെറ്റൽ നിർമ്മാണം | 55 HP (30+25) | 1,000 | 500 | 500 |
| 3 | XXII/246,247 | ജീ. രാജീവ് | ക്രഷർ യൂണിറ്റ് | 108 HP | 2,000 | 1000 | 1000 |
| 4 | XIII/581 | സുഹർ വർദ്ദീൻ | ക്രഷർ യൂണിറ്റ് | 115 HP | 2,000 | 1500 | 500 |
| 5 | XVII/515 | ജമീലാ ബിവി | ഹോളോ ബ്രിക്സ് യൂണിറ്റ് | 12 HP | 200 | 150 | 50 |
| 6 | III/622 | ജീ. ജോയി | ഫർണീച്ചർ നിർമ്മാണം | 9 HP | 100 | - | 100 |
| 7 | XV/298,299, 300 | എ. സീനത്ത് | ക്രഷർ യൂണിറ്റ് | 115 HP | 2,000 | 1200 | 800 |
| | | | | | | ആകെ | 3,550 |

ഇതു സംബന്ധിച്ച് എൻക്വയറി നം. 4/23-8-17 ന് സെക്രട്ടറിയുടെ മറുപടി അനുസരിച്ച് ടി സ്ഥാപനങ്ങളുടെ മോട്ടോർ ഫീസ് ഇനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മോട്ടോർഫീസിനത്തിൽ കുറവായി ഈടാക്കിയ 3,550/- രൂപ ഈ സ്ഥാപനങ്ങളിൽനിന്നും ഈടാക്കി പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിയേറ്റീവ്കെയർപദ്ധതി പണമിടപാടുകളിൽ ഗുരുതരമായ വീഴ്ച-തുടരന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി പൊതുജനങ്ങളിൽനിന്നും

പരിക്കുന്ന തുകയുടെ ക്രയവിക്രയങ്ങളിൽ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു.

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ധനസഹായം പിരിക്കുന്നതിലേയ്ക്കായി പാലിയേറ്റീവ് മോണിറ്ററിംഗ് കമ്മിറ്റി കൂടി തീരുമാനിച്ചതനുസരിച്ച് 50 രസീതുബുക്കുകൾ പ്രിന്റുചെയ്ത് എ.199/2013-ാം നമ്പർ കത്തുപ്രകാരം നൽകിയിരുന്നു. ആയതിൽ 10 രസിതുബുക്കുകൾ 14.05.2013-ൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. രസീതുബുക്കുകൾപ്രകാരം പിരിക്കുന്ന തുക നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണബാങ്കിന്റെ 7965-നമ്പർ അക്കൗണ്ടിൽ അടവാക്കി വരുന്നു. മെഡിക്കൽ ഓഫീസർ കൈവശം സൂക്ഷിക്കുന്ന 40 രസീതുബുക്കുകൾ നൽകിയിട്ടുണ്ടെങ്കിലും ആയതിൽ 1-ഉം 31-ഉം നമ്പർ ബുക്കുകൾമാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആ രണ്ട് രസീതുകൾ ഉപയോഗിച്ച് പിരിച്ച തുകയുടെയും അടവാക്കിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | രസീത് പ്രകാരം പിരിച്ച | | ബാങ്കിൽ അടവാക്കിയ | |
|---|---|---|---|---|---|---|
| | | | തീയതി | തുക | തീയതി | തുക |
| 1 | 1 | 1 | 16.06.2013 | 14,500 | 28.02.2013 | 100 |
| 2 | | 2 | 10.07.2013 | 1,240 | 17.06.2013 | 14,500 |
| 3 | | 3 | 10.07.2013 | 1,140 | 12.07.2013 | 20,520 |
| 4 | | 4 | 10.07.2013 | 1,140 | 04.09.2013 | 14,600 |
| 5 | | 5 | 10.07.2013 | 1,240 | 28.10.2013 | 2,000 |
| 6 | | 6 | 10.07.2013 | 1,240 | 13.01.2014 | 18,800 |
| 7 | | 7 | 10.07.2013 | 1,140 | 08.09.2016 | 9,100 |
| 8 | | 8 | 10.07.2013 | 840 | 26.07.2017 | 30,000 |
| 9 | | 9 | 10.07.2013 | 1,040 | | |
| 10 | | 10 | 10.07.2013 | 1,340 | | |
| 11 | | 11 | 10.07.2013 | 1,240 | | |

| |
|---|
| 12 |
| 13 |
| 14 |
| 15 |
| 16 |
| 17 |
| 18 |
| 19 |
| 20 |
| 21 |
| 22 |
| 23 |
| 24 |
| 25 |
| 26 |
| 27 |
| 28 |
| 29 |
| 30 |

| | | | | |
|---|---|---|---|---|
| 12 | 10.07.2013 | 1,140 | | |
| 13 | 10.07.2013 | 1,040 | | |
| 14 | 10.07.2013 | 940 | | |
| 15 | 10.07.2013 | 840 | | |
| 16 | 10.07.2013 | 1,240 | | |
| 17 | 10.07.2013 | 1,240 | | |
| 18 | 10.07.2013 | 1,240 | | |
| 19 | 10.07.2013 | 1,240 | | |
| 20 | 13.08.2013 | 2,000 | | |
| 21 | 13.08.2013 | 10,000 | | |
| 22 | 13.08.2013 | 1,600 | | |
| 23 | 13.08.2013 | 1,000 | | |
| 24 | റദ്ദ് ചെയ്തു | | | |
| 25 | 06.01.2014 | 2,200 | | |
| 26 | 06.01.2014 | 5,000 | | |
| 27 | 06.01.2014 | 1,500 | | |
| 28 | 06.01.2014 | 1,000 | | |
| 29 | 10.01.2014 | 2,000 | | |
| 30 | 10.01.2014 | 2,000 | | |

| |
|---|
| 31 |
| 32 |
| 33 |
| 34 |
| 35 |
| 36 |
| 37 |
| 38 |
| 39 |
| 40 |
| 41 |
| 42 |
| 43 |
| 44 |
| 45 |
| 46 |
| 47 |
| 48 |
| 49 |

| | | | | |
|---|---|---|---|---|
| 31 | 10.01.2014 | 5,100 | | |
| 32 | 10.01.2014 | 1,000 | | |
| 33 | 10.01.2014 | 1,000 | | |
| 34 | 10.01.2014 | 500 | | |
| 35 | 10.01.2014 | 500 | | |
| 36 | 10.01.2014 | 3,000 | | |
| 37 | 10.01.2014 | 500 | | |
| 38 | 10.01.2014 | 5,000 | | |
| 39 | 10.01.2014 | 2,500 | | |
| 40 | 10.01.2014 | 1,000 | | |
| 41 | 10.01.2014 | 1,000 | | |
| 42 | 10.01.2014 | 500 | | |
| 43 | 10.01.2014 | 1,000 | | |
| 44 | 10.01.2014 | 1,000 | | |
| 45 | 10.01.2014 | 500 | | |
| 46 | 10.01.2014 | 3,000 | | |
| 47 | 10.01.2014 | 1,500 | | |
| 48 | 10.01.2014 | 500 | | |
| 49 | 10.01.2014 | 10,000 | | |

| | | | | | | |
|---|---|---|---|---|---|---|
| 50 | 50 | 11.01.2014 | 1,000 | | |
| 51 | 51 | 11.01.2014 | 5,000 | | |
| 52 | 52 | 11.01.2014 | 2,850 | | |
| 53 | 53 | 11.01.2014 | 500 | | |
| 54 | 54 | 11.01.2014 | 500 | | |
| 55 | 55 | 11.01.2014 | 3,000 | | |
| 56 | 56 | 11.01.2014 | 10,330 | | |
| 57 | 57 | 11.01.2014 | 1,500 | | |
| 58 | 58 | 11.01.2014 | 1,000 | | |
| 59 | 59 | 11.01.2014 | 6,000 | | |
| 60 | 60 | 11.01.2014 | 2,250 | | |
| 61 | 61 | 12.01.2014 | 500 | | |
| 62 | 62 | 12.01.2014 | 10,000 | | |
| 63 | 63 | 06.09.2016 | 500 | | |
| 64 | 64 | 06.09.2016 | 500 | | |
| 65 | 65 | 06.09.2016 | 500 | | |
| 66 | 66 | 06.09.2016 | 5,000 | | |
| 67 | 67 | 06.09.2016 | 1,000 | | |
| 68 | 68 | 06.09.2016 | 500 | | |

| | | | | | | |
|---|---|---|---|---|---|---|
| 69 | | 69 | 06.09.2016 | 600 | | |
| 70 | | 70 | 06.09.2016 | 500 | | |
| 71 | | 71 | 13.01.2017 | 5,000 | | |
| 72 | | 72 | 14.01.2017 | 2,650 | | |
| 73 | 31 | 3001 | 30.06.2017 | 30,000 | | |
| | | | | 1,93,600 | | 1,09,620 |

മേൽകണക്കുകൾപ്രകാരം ബാങ്കിൽ അടവാക്കിയ തുകയും പിരിച്ചെടുത്ത തുകയും തമ്മിൽ 83,980/- രൂപയുടെ വ്യത്യാസം കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/26.08.2017-ന് മറുപടി ലഭ്യമാക്കുകയോ രസീതുബുക്കുകൾ ഹാജരാക്കുകയോ ചെയ്തില്ല. 29.08.2017-ൽ കാഷ് ബുക്കും 01.04.2015 വരെയുള്ള ചെലവിനങ്ങളുടെ 1,27,385/- രൂപയുടെ വൗച്ചറും ഓഡിറ്റിന് ഹാജരാക്കി. ആയതിൽ നിന്ന് സംഭാവനയായി പരിച്ചെടുക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കാതെ നേരിട്ട് ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. പാലിയേറ്റീവ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 23.12.2013-ലെ മിനിട്സിൽ "സംഭാവന തുകയായി പിരിഞ്ഞുകിട്ടുന്ന തുക പലപ്പോഴായി ലഭിക്കുന്നതിനാൽ തുക ബാങ്കിൽ നിക്ഷേപിക്കാതെ കുടുംബസംഗമപരിപാടിക്ക് ചെലവഴിക്കാൻ തീരുമാനിച്ചു" ഈ തീരുമാനം അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധവും അപ്രകാരം നേരിട്ട് ചെലവഴിച്ചരിക്കുന്നത്ക്രമപ്രകാരമല്ല.

പഞ്ചായത്ത് സെക്രട്ടറി 14.05.2013-ൽ മെഡിക്കൽ ഓഫീസറുടെ കൈവശംനിന്ന് കൈപ്പറ്റിയ 10 ബുക്കുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആകെ അച്ചടിച്ച 50 രസീതുബുക്കുകളിൽ 2 എണ്ണം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത് മറ്റുള്ളവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽവിഷയം സംബന്ധിച്ച വിശദമായ ഓഡിറ്റിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-2 <u>സോളാർ പാനൽ പദ്ധതി - കരാർവ്യവസ്ഥകൾ ലംഘിച്ച് പദ്ധതി നിവർവ്വഹണം പാതിവഴിയിൽ</u>

നെടുമ്പന ഗ്രാമപഞ്ചായത്തിൽ 2016-2017 സാമ്പത്തികവർഷത്തിൽ സെക്രട്ടറി

നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ആശുപത്രിക്ക് സോളാർ പാനൽ സ്ഥാപിക്കൽ , പഴങ്ങാലം യു.പി.എസ്സ്-ന് സോളാർ പാനൽ സ്ഥാപിക്കൽ എന്നീ പദ്ധതികളിൽ നിർവ്വഹണ ഏജൻസി മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർവ്വഹണം പൂർത്തിയാക്കിയിട്ടില്ല.

കേന്ദ്ര - സംസ്ഥാന സർക്കാർ ധനസഹായത്തോടെ 2016-2017 സാമ്പത്തികവർഷം അനർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രി (3 കിലോ വാട്ട്) പഴങ്ങാലം യു.പി.എസ് (2 കിലോ വാട്ട്, 5 കിലോ വാട്ട്) എന്നീ സ്ഥാപനങ്ങളിൽ സൗരവൈദ്യുതനിലയങ്ങൾ സ്ഥാപിക്കുന്നതിനായി ടെൻഡർ നടപടികളിലൂടെ ശോബിത ഇലക്ട്രോണിക്സ്, (എം.എഫ്.ആർ.എസ്) പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 2017 മാർച്ച് 27-ന് സെക്രട്ടറി എഗ്രിമെന്റ് വച്ചിട്ടുണ്ട്. സബ്സിഡി തുക അനർട്ട് നേരിട്ട് സ്ഥാപനത്തിന് നൽകുകയും പഞ്ചായത്തുവിഹിതം കരാറിലേർപ്പെടുന്ന സ്ഥാപനത്തിന് പഞ്ചായത്ത് നൽകുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നിർവ്വഹിക്കുന്നതിലേയ്ക്കായി ശോബിത ഇലക്ട്രോണിക്സ് 24.03.2017-ൽ 061/2016-2017-ാം നമ്പർ ഇൻവോയ്സ്പ്രകാരം 6,67,043/-രൂപയുടെയും 062/2016-2017-ാം നമ്പർ ഇൻവോയ്സ്പ്രകാരം 4,46,248/- രൂപയും 2,89,759/- രൂപയുടെയും ഇൻവോയ്സ് സമർപ്പിച്ചതനുസരിച്ച് താഴെപ്പറയുംപ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പദ്ധതി പേര്, നമ്പർ | കപ്പാസിറ്റി, ബാറ്ററി കപ്പാസിറ്റി | പദ്ധതി ചെലവ് | സബ്സിഡി | ബെനിഫിഷറി ചെലവ് | ബിൽ നമ്പർ, തുക |
|---|---|---|---|---|---|
| ആയുർവേദ ആശുപത്രിക്ക് സോളാർ പാനൽ സ്ഥാപിക്കൽ<br>പദ്ധതി നമ്പർ എസ്. 0173/2016-2017 | 3 കിലോ വാട്ട് 1800Ah | 4,46,248 | 2,02,500 | 2,43,748 | 31/2016-2017 തീയതി 29.03.2017 |
| പഴങ്ങാലം യു.പി.എസ്സ് ന് സോളാർ പാനൽ സ്ഥാപിക്കൽ<br>പദ്ധതി നമ്പർ എസ്. 0182/2016-2017 | 2 കിലോ വാട്ട് 1200Ah | 2,89,759 | 1,35,000 | 1,54,759 | 30/2016-2017 തീയതി 29.03.2017 |
| | 5കിലോ | 6,67,043 | 3,37,500 | 3,29,543 | |

| | | | | | |
|---|---|---|---|---|---|
| | വാട്ട് 3000Ah | | | | |
| ആകെ പഞ്ചായത്ത് നൽകിയ തുക | | | | 7,28,050 | |

നിർവ്വഹണം പൂർത്തീകരണത്തിനുമുൻപ് മുൻകൂറായി തുക നൽകിയിട്ടുണ്ട്. മേൽപദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നിലവിലെ സാഹചര്യവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/29.08.2017-ന് കരാർ പ്രകാരമാണ് തുക മുൻകൂറായി നൽകിയിരിക്കുന്നതെന്നും സോളാർ പാനൽ സ്ഥാപിക്കുന്നതിലേക്കായുള്ള വയറിംഗും അനുബന്ധപ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും കാലവിളംബംകൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ജാഗ്രതയോടെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിനൽകിയിട്ടുണ്ട്.

മേൽപദ്ധതിയിൽ സ്ഥാപനവും പഞ്ചായത്തും തമ്മിലുള്ള കരാർ ഉടമ്പടി പരിശോധിച്ചതിൽ സ്ഥാപനം വർക്ക് ഓർഡർ ലഭ്യമായതിനുശേഷം കരാർ ഒപ്പിട്ട് 60 ദിവസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ച്, തുക നൽകി ഒരു വർഷമായിട്ടും നാളിതുവരെ സോളാർ പാനൽ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ മേൽ പദ്ധതികളിലേയ്ക്ക് ചെലവായ തുക 7,28,050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മെസ്സേഴ് ശോബിത ഈഗലക്ലോണ്ക്സിൽനിന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീരിക്കുകയോ അല്ലാത്തപക്ഷം കരാർപ്രകാരം പ്രവൃത്തി നടപ്പിലാക്കാത്തതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഹെഡ്മിസ്ട്രസ് നിർവ്വഹണംനടത്തിയ പദ്ധതികൾ - വാങ്ങൽനടപടികളിലെ അപാകതകൾ

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-2017 സാമ്പത്തികവർഷം നടപ്പിലാക്കിയ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ എന്നീ പദ്ധതികളിലാണ് ക്രമ പ്രകാരമല്ലാതെ വാങ്ങൽനടത്തിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പദ്ധതി നമ്പർ എസ്.0074/2016-2017

<u>സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

| ഫണ്ട് | വികസന ഫണ്ട് |
|---|---|
| ബിൽ നമ്പർ | 01/2016-2017<br>തീയതി- 31.03.2016 |
| തുക | 1,55,305 |

പഞ്ചായത്തുപരിധിയിലെ സ്കൂളുകളിലേക്ക് ഗ്രീൻ ബോർഡ്,ബഞ്ച്,ഡസ്ക് എന്നിവ വാങ്ങുതായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയിൽ വിവരിച്ചിരിക്കുന്നത് ബഞ്ച് ഒരു യൂണിറ്റിന് 3,000/-രൂപ, ഡസ്ക് ഒരു യൂണിറ്റിന് 3,000/-രൂപ നിരക്കിൽ 24 ബഞ്ചുകളും ഡസ്കുകളും എന്ന രീതിയിൽ പൊതുമാർക്കറ്റിൽനിന്ന് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനാണ്. എന്നാൽ പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം മേൽ ഉപകരണങ്ങൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽനിന്നുമാണ് വാങ്ങിയിരിക്കുന്നത്. മേൽ പദ്ധതിപ്രകാരം വാങ്ങിയ ഉപകരണങ്ങൾ പരിശോധിച്ചതിൽ സ്റ്റോർ പർച്ചേസ് (എ) ഡിപ്പാർട്ട്മെന്റിന്റെ 14.03.2016ലെ സ.ഉ. (ആർ.ടി) നം15/2016/എസ്.പി.ഡി-യിൽ വിവരിക്കും പ്രകാരമുള്ള അളവുകളിലും നിരക്കുകളിലുമായിരുന്നില്ല വാങ്ങിയിരിക്കുന്നത്

2.പദ്ധതി നമ്പർ എസ്.0135/2016-2017

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മേശയും കസേരയും നൽകൽ</u>

| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
|---|---|
| ബിൽ നമ്പർ | 02/2016-2017 തീയതി- 31.03.2016 |
| തുക | 3,77,650 |

പഞ്ചായത്തുപരിധിയിലെ സ്കൂളുകളിൽ പത്താംക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുകയാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയിൽ വിവരിച്ചിരിക്കുന്നത് കസേര ഒരു യൂണിറ്റിന് 1,400/- രൂപയും, മേശ ഒരു യൂണിറ്റിന് 2,600/- രൂപയുംനിരക്കിൽ 125 മേശയും കസേരയും എന്ന രീതിയിൽ പൊതുമാർക്കറ്റിൽനിന്ന് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനാണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിതീരുമാനപ്രകാരം മേൽ ഉപകരണങ്ങൾ ഫോറസ്റ്റ്

ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽനിന്നുമാണ് വാങ്ങിയിരിക്കുന്നത്. മേൽപദ്ധതിപ്രകാരം വാങ്ങിയ ഉപകരണങ്ങൾ പരിശോധിച്ചതിൽ സ്റ്റോർ പർച്ചേസ് (എ) ഡിപ്പാർട്ട്മെന്റിന്റെ 14.03.2016ലെ സ.ഉ. (ആർ.ടി) നം15/2016/എസ്.പി.ഡി-യിൽ വിവരിക്കുംപ്രകാരമുള്ള അളവുകളിലും നിരക്കുകളിലുമായിരുന്നില്ല വാങ്ങിയിരിക്കുന്നത്. വാങ്ങിയ ഇനങ്ങൾക്ക് എഫ്.ഐ.ടി.ക്ക് റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവിൽ വിവരിക്കുംപ്രകാരമുള്ള അളവുകളും നിരക്കുകളല്ലാതെ വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/24.08.2017-ന് മറുപടി നൽകിയിട്ടില്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കേണ്ടതും പൊതുമേഖലാസ്ഥാപനങ്ങളിൽനിന്ന് വാങ്ങൽനടപടികൾ സ്വീകരിക്കുമ്പോൾ റേറ്റ് കോൺട്രാക്ട് പ്രകാരമുള്ള വാങ്ങൽനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണംനടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ ബിൽ നമ്പർ | | | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|
| 1 | പദ്ധതി നമ്പർ എസ്.0065/2016-2017പോസ്റ്റ് ഷിഫ്റ്റിംഗ് | | | 86,008 |
| | ഫണ്ട് | തനത് ഫണ്ട്. | | |
| | വൗച്ചർ നമ്പർ | 21600971/22.12.2016 | 19,694 | |
| | | 2160092/27.12.2016 | 13,469 | |
| | | 21600876/16.01.2017 | 8,826 | |
| | | 21601037/02.03.2017 | 10,584 | |
| | | 21601056/03.03.2017 | 9,784 | |

| | | | | |
|---|---|---|---|---|
| | | 2160107/03.03.2017 | 6,297 | |
| | | 21601059/03.03.2017 | 17,354 | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | | |
| 2 | പദ്ധതി നമ്പർ എസ്.0067/2016-2017<br>പൈപ്പ് ലൈൻ നീട്ടൽ | | | 8,50,000/- |
| | ഫണ്ട് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| | ബിൽ നമ്പർ | 23/2016-2017 /21.03.2017 | 5,00,000 | |
| | | 36/2016-2017 /31.03.2017 | 3,50,000 | |
| | നിർവ്വഹണ ഏജൻസി | കേരള ജല അതോറിറ്റി | | |
| 3 | പദ്ധതി നമ്പർ എസ്.0102/2016-2017<br>പി.എം.എ.വൈ.വിഹിതം | | | 5,00,000 |
| | ഫണ്ട് | വികസന ഫണ്ട് | | |
| | ബിൽ നമ്പർ | 21/2016-17/14.03.2017 | 2,60,000 | |
| | | 13/2016-17/30.12.2016 | 2,40,000 | |

| | | | |
|---|---|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബി.ഡി.ഒ., മുഖത്തല ബ്ലോക്ക് | |
| 4. | പദ്ധതി നമ്പർ എസ്.0153/2016-2017<br>വൈദ്യുതീകരണം (അംഗനവാടി, ഗ്രാമ കേന്ദ്രം,ആയുർവേദ ആശുപത്രി) | | 4,49,683 |
| | ഫണ്ട് | തനത് ഫണ്ട് | |
| | ചെക്ക് നമ്പർ | 986000828-4,40,200 | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | |
| 5 | പദ്ധതി നമ്പർ എസ്.0156/2016-2017<br>പഞ്ചായത്ത് ഹാൾ വൈദ്യൂതീകരണം | | 3,28,000 |
| | ഫണ്ട് | വികസന ഫണ്ട് (ലോകബാങ്ക് ധനസഹായം) | |
| | ബിൽ നമ്പർ | 17/2016-2017തീയതി 14.02.2017 | |
| | നിർവ്വഹണ ഏൻസി | കെ.എസ്.ഇ.ബി | |
| 6 | പദ്ധതി നമ്പർ എസ്.0163/2016-2017<br>ട്രൈസ്കൂട്ടർ, പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് നൽകൽ) | | 4,00,000 |
| | ഫണ്ട് | വികസന ഫണ്ട് (ജനറൽ) | |

| | | | | |
|---|---|---|---|---|
| | ബിൽ നമ്പർ | 19/2016-2017 /14.03.2017 | | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,ജില്ലാ പഞ്ചായത്ത് | | |
| 7 | പദ്ധതി നമ്പർ എസ്.0165/2016-2017<br>മുട്ടയ്ക്കാവ് എൽ.പി.എസ് റീ വയറിംഗ്, അംഗനവാടി വയറിംഗ് | | | 2,52,000 |
| | ഫണ്ട് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | |
| | ബിൽ നമ്പർ | 24/2016-2017 /21.03.2017 | 2,00,000 | |
| | | 34/2016-2017 /31.03.2017 | 52,000 | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി | | |
| 8 | പദ്ധതി നമ്പർ എസ്.0168/2016-2017<br>സമ്പൂർണ്ണ വൈദ്യുതീകരണം | | | 1,00,000 |
| | ഫണ്ട് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | |
| | ബിൽ നമ്പർ | 18/2016-2017 /21.03.2017 | | |
| | നിർവ്വഹണ | കെ.എസ്.ഇ.ബി | | |

| | | | |
|---|---|---|---|
| | ഏൻസി | | |
| 9 | പദ്ധതി നമ്പർ എസ്.0171/2016-2017<br>പുതിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ | | 4,99,300 |
| | ഫണ്ട് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| | ബിൽ നമ്പർ | 26/2016-2017 /22.03.2017 | |
| | നിർവ്വഹണ ഏൻസി | കെൽട്രോൺ, അരൂർ, എറണാകുളം | |
| 10 | പദ്ധതി നമ്പർ എസ്.0187/2016-2017<br>എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ | | 4,97,970 |
| | ഫണ്ട് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ | |
| | ബിൽ നമ്പർ | 35/2016-2017 /31.03.2017 | |
| | നിർവ്വഹണ ഏൻസി | കെ.എസ്.ഇ.ബി | |
| 11 | പദ്ധതി നമ്പർ എസ്.0192/2016-2017<br>സാമൂഹ്യ സുരകഷാ മിഷൻ പ്രവർത്തന ഫണ്ട് | | 2,00,000 |
| | ഫണ്ട് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |

| | | | |
|---|---|---|---|
| | ബിൽ നമ്പർ | 30/2016-2017 /31.03.2017 | |
| | നിർവ്വഹണ ഏൻസി | സാമൂഹ്യ സുരക്ഷാ മിഷൻ | |
| ആകെ | | | 41,62,961 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 /07.07.2017ന് പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കുന്നമുറയ്ക്ക് ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയത്. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേൽ ഇനങ്ങളിലെ ചെലവ് തുക 41,62,961/-രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 സമ്പൂർണ്ണശുചിത്വം പദ്ധതി - ശൗചാലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാതെ തുക മാറി നൽകിയിരിക്കുന്നു

2016-2017 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ സമ്പൂർണ്ണശുചിത്വം പദ്ധതിയിലാണ് നിർമ്മാണം പൂർത്തീകരിക്കാതെ ശൗചാലയങ്ങളുടെ നിർമ്മാണത്തിനായി തുക മാറി നൽകിയിരിക്കുന്നത്.

കേരളം സമ്പൂർണ്ണ വെളിയിടവിസർജ്ജനവിമുക്ത സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ സമ്പൂർണ്ണശുചിത്വം പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനായി കുടുംബശ്രീയുടെ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിവഴി നിർദ്ധനരായ ഗുണഭോക്താക്കൾക്ക് ശൗചാലയങ്ങളുടെ നിർമ്മാണത്തിന് സഹായം നൽകിയിരുന്നു. ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി 6 ശൗചാലയങ്ങളുടെ നിർമ്മാണ മേൽനോട്ടമാണ് നടത്തിയത്. മേൽപദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ മോണിട്ടറിംഗ് റിപ്പോർട്ടുപ്രകാരം ഒരു ശൗചാലയത്തിന്റെ നിർമ്മാണത്തിനായി 15,400/-രൂപ നിരക്കിൽ 92,400/- രൂപ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഈ നിർമ്മാണങ്ങൾ 23.08.2017-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശികപരിശോധനയിൽ 6 ശൗചാലയങ്ങളിൽ ഒരെണ്ണംമാത്രമാണ് പൂർത്തീകരിച്ചതായി കണ്ടെത്തിയത്. നിർമ്മാണ മേൽനോട്ടം നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്താതെയാണ് തുക മാറി നൽകിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ നൽകിയ തുക 92,400/-രൂപ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിപ്പിച്ച് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 <u>അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു</u>

അസിസ്റ്റന്റ് സെക്രട്ടറി 2016-2017 വർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

<table>
<tr><th>ക്രമ നമ്പർ</th><th colspan="2">പദ്ധതി നമ്പർ/<br>ബിൽ നമ്പർ</th><th>തടസ്സപ്പെടുത്തിയ തുക</th></tr>
<tr><td rowspan="2">1</td><td colspan="2">പദ്ധതി നമ്പർ എസ്.<br>07/2016-2017 പൈപ്പ്<br>ലൈൻ നീട്ടൽ (എസ്.സി)</td><td rowspan="2">4,10,000</td></tr>
<tr><td>ഫണ്ട്</td><td>വികസന ഫണ്ട്.<br>(എസ്സ്.സി.പി)</td></tr>
</table>

| | | | |
|---|---|---|---|
| | ബിൽ നമ്പർ | 11/1160/2016-17/ 21.03.2017 | |
| | നിർവ്വഹണ ഏജൻസി | കേരള ജല അതോറിറ്റി | |
| 2 | പദ്ധതി നമ്പർ എസ്.0092/2016-2017 പി.എം.എ.വൈ. വിഹിതം (എസ്.സി.) | | 5,60,000 |
| | ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) | |
| | ബിൽ നമ്പർ | 07തീയതി 20.12.2016 | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബി.ഡി.ഒ. മുഖത്തല | |
| ആകെ | | | 9,70,000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/29.08.2017-ന് പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ലാത്തതിനാൽ മേൽ ഇനങ്ങളിലെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ആശുപത്രികളിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല.

2016-2017 വർഷം പഞ്ചായത്തിലെ വിവിധ ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(എ) ഹോമിയോ ആശുപത്രി

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ

ആശുപത്രിക്ക് മരുന്ന് പദ്ധതിയിൽ തുക നൽകിയതല്ലാതെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, രസീത് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | എസ്.0075/2016-2017 ഹോമിയോആശുപത്രിമരുന്ന് മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ബിൽ നമ്പർ 01/09.03.2017 പ്രകാരം 1,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. | പി.എഫ്- 191/09.12.2017 | തുക നൽകി 8 മാസമായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/18.08.2017 ന് മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യാമാകുന്നതിനുള്ള ത്വരിതനടപടികൾ സ്വീകരിക്കേണ്ടതും. മരുന്നു ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. തുക 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി)ആയുർവേദ ആശുപത്രി

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയുർവേദ ആശുപത്രിക്ക് മരുന്നുനിർമ്മാണവും വാങ്ങലും പദ്ധതിയിൽ തുക നൽകിയതല്ലാതെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | എസ്.0061/2016-2017 ആയുർവേദ ആശുപത്രിക്ക് മരുന്നു നിർമ്മാണവും വാങ്ങലും മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 01/09.02.2017 പ്രകാരം 4,75,000/- രൂപ ഔഷധിയ്ക്ക് നല്കിയിട്ടുണ്ട്. | പ്രഫോർമ ഇൻവോയ്സ് നമ്പർ- 416/17.12.2016 | 3,58,607രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 1,16,393 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. |

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/26.08.2017 ന് നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യാമാകുന്നതിന് ഔഷധിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും മരുന്ന ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുന്നതുമാണെന്നാണ്. അതുവരെ ലഭ്യമാകാത്ത മരുന്നകളുടെ വില 1,16,393/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി) പാലിയേറ്റീവ് പരിചരണം.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2016-2017 വർഷം ചെലവാക്കിയ തുകയ്ക്ക് നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | പദ്ധതി നമ്പർ - എസ്.0066/2016-2017. പാലിയേറ്റീവ് കെയർ വികസന ഫണ്ട് (5,23,100) ബ്ലോക്ക് പഞ്ചായത്ത് വിഹിതം (3,00,000) | ബിൽ നമ്പർ 03/27.03.2017 തുക – 1,50,000രൂപയും മെഡിക്കൽ ഉപകരണങ്ങൾക്കായി 80,000/- രൂപയും മെഡിക്കൽസർവ്വീസസ് കോർപ്പറേഷന്റെ 3624001800000019 നമ്പർഅക്കൗണ്ടിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്. | പി.ആർ.എഫ്. 407/31.01.2017 | ഇൻവോയ്സ് നമ്പർ1916/18.07.2016 പ്രകാരം 93,352 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 54,648/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. |
| | | | പി.ആർ.എഫ്. 408/31.10.2017 | 42,840 രൂപയ്ക്കുള്ള വീൽ ചെയറുകൾ ലഭ്യമായിട്ടുണ്ട് 37,160 രൂപയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. |

അത്യന്തം പരിഗണനയർഹിക്കുന്ന പാലിയേറ്റീവ് കെയർപദ്ധതികളിൽപോലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്ന് മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/22.08.2017) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകളും ഉപകരണങ്ങളും എത്രയും പെട്ടെന്ന് ലഭ്യമാക്കാമെന്ന് കാരുണ്യയിൽനിന്ന് അറിയിച്ചിട്ടുണ്ട് എന്നാണ്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കരജിസ്റ്ററിൽചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. അതുവരെ ലഭ്യമാക്കാത്ത മരുന്നുകളുടേയും ഉപകരണങ്ങളുടേയും വില 91,808/-രൂപ(54,648+37,160) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പൊതുമരാമത്തു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം **34,609/**രൂപ.

കേരള പൊതുമരാമത്ത്‌വകുപ്പ് മാന്വൽ സെക്ഷൻ 2112-1 അനുസരിച്ച് കരാറുകാരൻ വ്യവസ്ഥചെയ്ത സമയത്തുതന്നെ മരാമത്തുപ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് കരാറുകാരൻെറ ഉത്തരവാദിത്വമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണമായോ ഭാഗികമായോ കരാറുകാരൻെറ പിഴവുമൂലം ദീർഘിപ്പിക്കേണ്ടുന്നഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണകാലാവധിക്കുശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. ടി പ്രവർത്തികൾക്ക് G.O(P) 84/97/PW&T dated 19 -08 -1997 ഉത്തരവും, മേൽപ്പറഞ്ഞ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കേണ്ടതാണ്. ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി.എ.സി തുകയുടെ ഒരു ശതമാനവും, തുടർന്നുള്ള ഓരോ മൂന്ന് മാസത്തേയ്ക്കും പി.എ.സി തുകയുടെ രണ്ട് ശതമാനവും വീതം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്. താഴെപ്പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കരാറുകാർ ദീർഘീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് കത്തുനൽകുകയോ, ടി കത്ത് പരിഗണിച്ച് പഞ്ചായത്തുകമ്മറ്റി കരാറുകാരെ പിഴ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരിൽനിന്നും നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(എ) പണ്ടാരതുണ്ടിൽ ക്ളേമൻസ് കരുമാൻറവികം റോഡ് റീടാറിംഗ് ( വാർഡ് 10 ).
പ്രോജക്ട് നം. s0056/2016,
അടങ്കൽ തുക 4,00,000/രൂപ, (3,50,000/രൂപ MG(R), 50,000/രൂപ (own Fund),
കരാറുകാരൻ . ശ്രീ.നിയാസ്. എസ്,
എഗ്രിമെൻറ് നം. 12/AE/LSGD/NDPN/2015 - 16 dated 19 -08 -2015.
M Book No. 45/2015-16.
ബിൽ നം. 01/2016 -17 dated 16 -08 -2016.

ടി വർക്കിൻെറ കരാർ വ്യവസ്ഥയനുസരിച്ച് സൈറ്റ് ഹൻഡ് ഓവർചെയ്ത തിയതിയായ 19-08-2015 മുതൽ മൂന്നുമാസം പൂർത്തീകരണകാലാവധിയാണ് അനുവദിച്ചിട്ടുള്ളത്, അതായത് 19 -11 -2015 വരെയാണ് ടി വർക്കിന് അനുവദിച്ചിട്ടുള്ളത്, എന്നാൽ 20% ഗ്രേയിസ് പിരിയിഡുകൂടി അനുവദിച്ചാൽപോലും 08-12-2015-ന് പണി പൂർത്തിയാക്കേണ്ടതാണ്. അളവുപുസ്തകം, ഫൈനൽ വർക്ക് ബില്ല് എന്നിവയനുസരിച്ച് വർക്ക് പൂർത്തിയാക്കിയത് 26-03-2016-നാണ്. 08-12-2015 മുതൽ 26-03-2016 വരെ കാലയളവിലേയ്ക്ക് മേൽപ്പറഞ്ഞ ഉത്തരവിൻെറയും, പൊതുമരാമത്ത് മാന്വലിൻെറയും അടിസ്ഥാനത്തിൽ കരാറുകാരനിൽനിന്നും പിഴ ഈടാക്കേണ്ടതാണ്. ടി വർക്കിൻെറ പി. എ. സി തുക

3,99,881/ രൂപയാണ്.

(1)08-12-2015 മുതൽ 07-03-2016 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയുടെ ഒരു ശതമാനം 3,999/രൂപ.

(2) 08-03-2016 മുതൽ 26-03-2016 വരെയുള്ള കാലയളവിലേയ്ക്ക് പി. എ. സി. തുകയുടെ 2% തുകയ്ക്ക് ആനുപാതികമായ തുക 1,600/രൂപ.
ഫൈൻ ഇനത്തിൽ ആകെ നഷ്ടം 5,599/രൂപ.

ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ നം. 7/25-08-2017 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 5,599/രൂപ 29-08-2017 ലെ നം. 117010102024 രസീത് അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

(ബി) കുളപ്പാടം - ലക്ഷം വീട് കോളനി പുത്തൻവിള ജംഗ്ഷൻ റോഡ് - റീടാറിംഗ്-
വാർഡ് നം. 18.
പ്രോജക്ട് നം. എസ്. ഒ. 58/2016,
അടങ്കൽ തുക 3,50,000/രൂപ, (3,25,000/ MG(R), (25,000/ OWN FUND),
കരാറുകാരൻ. ശ്രീ.നിയാസ് (1% Tender deduction),
എഗ്രിമെൻറ് നം. 13/AE/LSGD/NDPN/2015 – 16 dated 19- 08 -2015.
M book No. 44/2015-16,
Bill No. 02/2016 -17 dated 06-08-2016.

ടി വർക്കിൻെറ സൈറ്റ് ഹാൻഡ്ഓവർ ചെയ്തിരിക്കുന്നത് 19.08.2015-നാണ്. 20% ഗ്രേയിസ് പിരീയിഡ് ഉൾപ്പെടെ വർക്ക് കംപ്ളീറ്റ് ചെയ്യേണ്ട തീയതി 08 -12 -2015. അളവ് പുസ്തകം, ഫൈനൽ വർക്ക് ബില്ല് എന്നിവ അനുസരിച്ച് വർക്ക് കംപ്ളീറ്റ് ചെയ്തത് 23-03 -2016. പി. എ.സി തുക 3,49,671/രൂപ.

(1) 09 -12 -2015 മുതൽ 08 -03- 2016 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ 3,49,671/രൂപയുടെ ഒരു ശതമാനം 3,497/രൂപ.

(2) 09 -03 -2016 മുതൽ 23 -03 -2016 വരെയുള്ള 15 ദിവസത്തേയ്ക്ക് പി. എ.സി തുകയായ 3,49,671/രൂപയുടെ രണ്ട് ശതമാനം 1,166/രൂപ.
ഈടാക്കേണ്ട ആകെ ഫൈൻ 4663/രൂപ.
ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ നം. 7/25-08-2017 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ടി തുക 29-08-2017 ലെ നം 117010102025 രസീത് അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

(സി)അംഗൻവാടികളുടെ നവീകരണം. പ്രോജക്ട് നം. എസ്. ഒ. 41/2016, അടങ്കൽ തുക 8,26,679/രൂപ. കരാറുകാരൻ-ശ്രീ.രാധാകൃഷ്ണപിള്ള(13.6% tender deduction).
എഗ്രിമെൻറ് നം.38/AE/LSGD/NDPN/2015 – 16 dated 09 -09 -2015,

M book No. Bill No. 8/2016 – 17 dated 11 -01 -2017.

ടി വർക്കിൻെറ കരാർവ്യവസ്ഥയനുസരിച്ച് സൈറ്റ് ഹാൻഡ്ഓവർ ചെയ്ത തീയതിയായ 09 -09 -2015 മുതൽ മൂന്ന് മാസ കാലാവധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കേണ്ടതാണ്. ടി വർക്ക് യഥാസമയം തുടങ്ങാത്തതിന് നം. 88/AE/LSGD /dated 28 -01 -2016, 98/AE/LSGD dated 05 -03 -2016, 117/AE dated 09 -06 -2016 എന്നീ തിയതികളിൽ കരാറുകാരന് കത്ത് നൽകിയെങ്കിലും സപ്ളിമെൻററി എഗ്രിമെൻെറ് വയ്പിച്ച് ഫൈൻ ഈടാക്കിയിട്ടില്ല. കരാർ കാലാവധിയുടെ 20% ഗ്രേയിസ് പിരീയിഡ് കൂടി അനുവദിച്ചാൽപോലും 27 -12 -2015 ന് വർക്ക് തീരേണ്ടതായിരുന്നു. എന്നാൽ ടി വർക്ക് പൂർത്തീകരിച്ച് വർക്ക് ബില്ലിലും, അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നത് 17-09-2016 നാണ്. ആയതിനാൽ കരാറുകാരനിൽനിന്നും 28-12-2015 മുതൽ 17-09-2016 വരെയുള്ള ഫൈൻ ഈടാക്കേണ്ടതാണ്. പി.എ. സി തുക 7,17,696/രൂപയാണ്. വിശദവിവരം താഴെ കൊടുക്കുന്നു .

(1)28 -12 -2015 മുതൽ 27 -03 -2016 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി . എ. സി തുകയായ 717696/രൂപയുടെ ഒരു ശതമാനം 71,77/രൂപ.

(2)28 -03 -2016 മുതൽ 27 -06 -2016 വരെയുള്ള മൂന്ന് മാസകാലയളവിലേയ്ക്ക് പി. എ. സി തുകയായ 717696/രൂപയുടെ രണ്ട് ശതമാനം 14,354/രൂപ

(3)28 -06 -2016 മുതൽ 17 -09 -2016 വരെയുള്ള 82 ദിവസത്തേയ്ക്ക് പി. എ. സി തുകയായ 7,17,696/രൂപയുടെ രണ്ട് ശതമാനം തുകയുടെ ആനുപാതികമായ തുക 13,078/രൂപ. ആകെ 34,609/രൂപ.

ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മറുപടി അംഗീകരിക്കത്തക്കതല്ല, കാരണം കരാറു കാരൻ അപേക്ഷ സമർപ്പിച്ച് ഫൈൻ ഈടാക്കുന്നതിൽനിന്നും പഞ്ചായത്തുകമ്മറ്റി ഒഴിവാക്കി നൽകിയിട്ടില്ല.

മേൽപ്പറഞ്ഞ മൂന്ന് ഖണ്ഡികളിലുമായി ആകെ 44,871/രൂപ ഫൈൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിൽ മേൽപ്പറഞ്ഞ രസീതുകൾ അനുസരിച്ച് ഒടുക്കുവരുത്തിയിട്ടുള്ള 10,262/രൂപ കഴിച്ചുള്ള 34,609/രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, ഫൈൻ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റൻറ് എഞ്ചിനീയറിൽനിന്നോ ഈടാക്കി പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 3-9 ഇ.എം.എസ് ലോൺ തുക തിരികെ ഒടുക്കി രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടത്- സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി നെടുമ്പന സർവ്വീസ് സഹകരണബാങ്കിൽനിന്നും 2,54,64,000/രൂപ ലോൺ എടുക്കുകയും , ടി തുക EM HL.1 എന്ന അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും, ടി അക്കൗണ്ടിൽനിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻെറയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ട് നം. 6604 ലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥൻെറയും, പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്തഅക്കൗണ്ടിൽനിന്നും 05-09-2014 വരെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി, അക്കൗണ്ടിൽ ബാലൻസ് തുകയായി 7,65,087.50/-രൂപയും ഉണ്ട്. 09-05-2014-ന് ശേഷം നാളിതുവരെയും ടിഅക്കൗണ്ടിൽ നിന്നും ട്രാൻസാക്ഷൻ ഒന്നും നടത്തിയിട്ടില്ല. സാമ്പത്തികവർഷാവസാനങ്ങളിൽ പലിശയായി, 31-03-2015 ന് 39,379/-രൂപയും, 31-03-2016 ന് 40,223/രൂപയും, 31-03-2017ന് 42,234/രൂപയും ഉൾപ്പെടെ 31 -03 -2017ന് ആകെ 8,86,923.50/- രൂപ ടി സംയുക്തഅക്കൗണ്ടിൽ ബാലൻസുണ്ട്. ബാലൻസുള്ള തുകയ്ക്ക് സേവിംഗ്സ ബാങ്ക് അക്കൗണ്ടിന് ലഭ്യമാകുന്ന് 5% നിരക്കിലുള്ള പലിശയാണ് ലഭിച്ചിട്ടുള്ളത്, എന്നാൽ ലോൺ തുകയ്ക്ക് 10% പലിശനിരക്കാണ് സർക്കാരിൽനിന്നും സഹകരണബാങ്കിൽ ഒടുക്കുന്നത് അക്കൗണ്ടിൽ ബാലൻസുള്ള തുക യഥാസമയം ലോൺ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കിയിരുന്നുവെങ്കിൽ പലിശയിനത്തിൽ നാളിതുവരെ ഒരു ലക്ഷം രൂപയിൽ കൂടുതൽ സർക്കാരിന് ലാഭിക്കാമായിരുന്നു.

ആകെ എടുത്ത ലോൺ തുകയായ 2,54,64,000/-രൂപയിൽ നാളിതുവരെ മുതൽ ഇനത്തിൽ 2,08,74,987/രൂപയും, പലിശയായി 68,39,349/രൂപയും ഒടുക്ക് വരുത്തിയിട്ടുണ്ട്. മുതൽ ഇനത്തിൽ 45,89,013/രൂപ ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻെറ അക്കൗണ്ടിൽ ബാലൻസുള്ള 8,86,923.50/-രൂപ പ്രോജക്ട് വച്ച് മുതലിലേയ്ക്ക് ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ നം.11/2016-17 dated 29-08-2017 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 നെടുമ്പന ഗവൺമെൻറ് എൽ. പി.എസ്- വസ്തുവിൻെറ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടത് സംബന്ധിച്ച്

ഗവൺമെന്റ് സ്കൂളുകൾക്ക് ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി പ്രോജക്ട് നം. 43/2016 അനുസരിച്ച് പ്രോജക്ട് തയ്യാറാക്കുകയും, അടങ്കൽ തുക 4,99,000/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) വകയിരുത്തുകയും ചെയ്തു. എന്നാൽ സ്കൂൾ കോമ്പൗണ്ടിൻെറ അതിർത്തി കൃത്യമായി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ടിൽ വിഭാവനംചെയ്തിരുന്ന ചുറ്റുമതിൽനിർമ്മാണം ഉപേക്ഷിക്കുകയും, 02-10-2015 ൽ സ്കൂൾ ഹെഡ്മാസ്റ്റർ നൽകിയ കത്തിൻെറ അടിസ്ഥാനത്തിൽ 2015-16-ലെ പ്രോജക്ടിൽ

ഉൾപ്പെടുത്തി നിർമ്മിച്ച് സ്മാർട്ട് ക്ലാസ്സ്റും കെട്ടിടത്തിൻെറ ഗുരുതരമായ ചോർച്ച് പരിഹരിച്ച്, കെട്ടിടം കുട്ടികളെ പഠിപ്പിക്കുന്നതിന് ഉപയുക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും സ്കൂൾ കോമ്പൗണ്ടിൻെറ അതിർത്തി നിർണ്ണയിച്ച് വസ്തു അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 15-12-2015 ൽ നെടുമ്പന ഗവൺമെൻറ് എൽ. പി. എസ്.ഹെഡ്മാസ്റ്റർ അസിസ്റ്റൻറ് എഞ്ചിനിയർക്ക് നൽകിയ കത്തിൽ, പ്രമാണം അനുസരിച്ച് സ്കൂളിന് 50 സെൻറ് വസ്തുവുണ്ടെങ്കിലും നിലവിൽ 36 സെൻറ് വസ്തുവേയുള്ളൂവെന്നും, ബാക്കി വസ്തു കയ്യേറിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്, ആയതിനാൽ സ്കൂൾ കോമ്പൗണ്ട് സർവ്വേ വകുപ്പിനെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടുകളുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 66/17 പാലിയേറ്റീവ് കെയർ | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 149/2017, കാർഷിക കർമസേന | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2,70,000 | 111/2017 നെൽകൃഷി വികസനം | 2,70,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | 96//2017 ഭിന്ന ശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 2,50,000 | 0 |
| ബ്ലോക്ക് | 5,00,000 | ഡയറിഫാം | 5,00,000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | 176/17മിൽക്ക് സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | 96//2017 ഭിന്ന ശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 2,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ്‌വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (സെക്രട്ടറി) | 241340 14/09/2015 | 9,95,257 | 0 | 9,95,257 |
| കേരളാ വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (അസിസ്റ്റന്റ്സെക്രട്ടറി) | | 14,64,000 | 0 | 14,64,000 |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ് | മൃഗാശുപത്രി വയറിംഗ് | | 1,11,600 | 0 | 1,11,600 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായപ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല.

| വായ്പയുടെ പേര് | ഉത്തരവ് നം. | വായ്പാ തുക | വർഷാരംഭം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ.(പി) 316/2010 എൽ.എസ്. ജി.ഡി. തീയതി 28.01.2010 | 2,54,64,000/- | 46,64,013/- | തൻ വർഷം ഒരു ഗുണഭോക്താവ് ആദ്യ ഗഡു കൈപ്പറ്റിയ തുക തിരിച്ചടച്ച തുക 75,000/- | | 45,89,013 (തൻവർഷത്തെ പലിശ 49,834/-കൂടി ചേർത്ത തുക) |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3,000 |
| തൻവർഷം നിക്ഷപിച്ച തുക | ഇല്ല |
| ആകെ | 3,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോപ്പറേറ്റിവ് സ്പിന്നിങ് മിൽ | 3,000 |
| ആകെ | 3,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം ലഭിച്ച 1,220/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേര് | തസീത് നമ്പർ / തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13&<br>2013-14 | 2-3 | 50 | ജയിംസ് ഉമ്മൻ | 11601101533/<br>29/6/2016 |
| ‘ | | 100 | അരവിന്ദാക്ഷൻപിള്ള | 11601101539/<br>29.6.2016 |
| | | 980 | അശോകൻ | 11601101583/<br>5.7.2016 |
| | | 90 | സെക്രട്ടറി | 11601101587/<br>5.7.2016 |

RP-10-ൽ 5,36,748/-രൂപ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയതിൽ 1,220/- രൂപയുടെ വിശദാംശങ്ങളേ ലഭ്യമായിട്ടുള്ളൂ.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,76,72,364/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,15,01,918/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം /<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,61,612 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 3-2 | 7,28,050 | ശ്രീ. അനിൽകുമാർ,സെക്രട്ടറി |
| 3-4 | 41,62,961 | ശ്രീ. അനിൽകുമാർ, സെക്രട്ടറി |
| 3-5 | 92,400 | ശ്രീ. സൂരാസു മുഹമ്മദ്., വി.ഇ.ഒ |
| 3-6 | 9,70,000 | ശ്രീമതി. അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(എ) | 1,00,000 | ഡോ.ദിൽഷ, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-7(ബി) | 1,16,393 | ഡോ.ശ്രീജ.ഒ.കെ, ഹോമിയോ മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-7(സി) | 91,808 | ഡോ.മെറീൻ പോൾ, ഹോമിയോ മെഡിക്കൽ പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1 വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് നല്കേണ്ടതാണ്

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മന്മഥൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നെടുമ്പന ഗ്രാമപഞ്ചായത്ത് | നവമാലിക, കാരംകോട്(പി.ഒ), ചാത്തന്നൂർ |

## 4-9 തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| വർഷം | കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92 | എൽ.എഫ്.ക്യൂ.പി1-1236(12)/14/13.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി1-1236(5)/14/13.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി1-1236(6)/14/13.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി1-1236(7)/14/13.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി1-1236(8)/14/13.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി1-1236(9)/14/13.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി1-1236(10)/14/13.06.14 |
| 2010-11 &11-12 | എൽ.എഫ്.ക്യൂ.പി1-1236(11)/14/13.06.14 |
| 2012-13 &13-14 | എൽ.എഫ്.ക്യൂ.പി1- 2222/14/04.03.15 |
| 2014-15 | എൽ.എഫ്.ക്യൂ.പി1 -2222/14/04.03.15 |
| 2015-16 | കെ എസ് എ . കെ എൽ എം -പി-1/1838/16 തീ.28-12-2016 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം.പി7-1837/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -16/10/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുഎന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.